(സി) കാലതാമസം ഒഴിവാക്കുന്നതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് റെയിൽവേയുമായി ബന്ധപ്പെട്ടിരുന്നുവോ; എങ്കിൽ പ്രസ്തുത മേൽപ്പാലം എന്നു പൂർത്തിയാക്കാൻ കഴിയുമെന്നാണ് അറിയിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) യും (ബി) യും (സി) യും കോഴിക്കോടിനും കണ്ണൂരിനുമിടയ്ക്ക് 5 മേൽപ്പാലങ്ങളാണ് നിർമ്മിക്കുന്നത് (1) വെങ്ങാലി (2) ചെങ്കോട്ടുകാവ് (3) വെങ്ങളം (4) മുഴുപ്പിലങ്ങാട് (5) നന്തിബസാർ

വെങ്ങാലി മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 2003 ഡിസംബർ 18-നു ഗതാഗതത്തിനു തുറന്നുകൊടുത്തു.

ചെങ്കോട്ടുകാവ് മേൽപ്പാലത്തിന് റെയിൽവേയുടെ അനുമതി നവംബർ രണ്ടാം വാരമാണ് ലഭിച്ചത്. ഇതേത്തുടർന്ന് നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഈ മേൽപ്പാലം 2005 മാർച്ച് മാസത്തോടുകൂടി ഗതാഗതത്തിന് തുറന്ന്കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വെങ്ങളം മേൽപ്പാലത്തിന് റെയിൽവേ ഭാഗത്തെ സ്പാനുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി റെയിൽവേ സുരക്ഷാ കമ്മീഷണറിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഇക്കാര്യം ദക്ഷിണ റെയിൽവെയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താമസിയാതെ റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കുമെന്നാണ് റെയിൽവേ അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്.

മുഴുപ്പിലങ്ങാട് മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തുള്ള പണികൾ ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടില്ല. ഇക്കാര്യം റെയിൽവേ സുരക്ഷാ കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബാക്കി പണികൾക്ക് നിലവിലുള്ള കരാർ റദ്ദ് ചെയ്ത് പുതിയ കരാറുകാരനെ നിയമിച്ചിട്ടുണ്ട്. പുതിയ കരാറുകാരൻ പണികൾ പുനരാരംഭിച്ചു കഴിഞ്ഞു.

നന്തിബസാർ മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തെ പണികൾ ചെയ്യുന്നതിനുള്ള അനുമതി ലഭിക്കാത്തതുമൂലം നിലവിലുള്ള കരാർ റദ്ദ് ചെയ്ത് പുതിയ കരാറുകാരനെ നിയമിക്കാനുള്ള നടപടികൾ ആർ.ബി.ഡി.സി.കെ. ആരംഭിച്ചിട്ടുണ്ട്.

ടി.എസ്. കനാലിനു കുറുകെയുള്ള കല്ലുമുട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണം

75 [674] ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ടി.എസ്. കനാലിനു കുറുകെയുള്ള കല്ലുമുട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യും (ബി) യും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ടി.എസ്. കനാലിനു കുറുകെയുള്ള കല്ലുമൂട്ടിൽ കടവ് പാലത്തിന് 580 ലക്ഷം രൂപയുള്ള റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ നബാർഡ് ആർ.ഐ.ഡി.എഫ്-X ൽ 500 ലക്ഷം രൂപയ്ക്ക് ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; അനുമതി ആയിട്ടില്ല. ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ വർക്കുകൾ എൽ. ബി.എസ്. നടത്തിക്കൊണ്ടിരിക്കുന്നു.

ഓച്ചിറ-താമരക്കുളം റോഡ് പുനർ നിർമ്മാണ പ്രവർത്തനം

76 [675] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഓച്ചിറ താമരക്കുളം റോഡ് (0/00-3/240) പുനർ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടം വരെ പൂർത്തിയായി എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റോഡിന്റെ പുനർ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ പുനർ നിർമ്മാണത്തിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ടെണ്ടർ ചെയ്ത് ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഓച്ചിറ-ആയിരംതെങ്ങ് റോഡിന്റെ പുനർ നിർമ്മാണ പ്രവർത്തനം

77 [676] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഓച്ചിറ ആയിരം തെങ്ങ് റോഡിന്റെ (0/00-2/00 & 4/00-4/995) പുനർ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടംവരെ പൂർത്തിയായി എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പുനർ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനത്തിന് 30 ലക്ഷം രൂപയുടെ ഭരണാനുമതി 11/2004-ൽ നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ടെൻഡർ ചെയ്ത് ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly